10. ഇതിൽ ഏഴ് പ്രോജക്ടുകൾക്ക് ഒന്നിലധികം അപേക്ഷകൾ ലഭിക്കുക യുണ്ടായി.

11. ഏഴ് പ്രോജക്ടുകളിൽ രണ്ട് പ്രോജക്ടുകൾക്ക് ആർ.എഫ്.പി. നൽകിയി ട്ടുണ്ട്.

12. മൂന്ന് പ്രോജക്ടുകളുടെ ആർ.എഫ്.പി. ഉടൻ നൽകുന്നതാണ്.

13. പത്ത് പ്രോജക്ടുകൾ ടെണ്ടർ നടപടിയിലാണ്.

14. പുതിയ പ്രോജക്ടുകളുടെ സാധ്യതാ പഠനം കിറ്റ്കോ നടത്തിവരുന്നു.

ക്ലീൻ കേരള കമ്പനി

152 (1526) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ക്ലീൻ കേരള കമ്പനി രൂപീകൃതമായത് എന്നാണ്;

(ബി) പ്രസ്തുത കമ്പനി രൂപീകൃതമായതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു; അത് നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കമ്പനിയ്ക്ക് ഓരോ വർഷവും എന്ത് തുക വീതം ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു; അതിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്നറിയിക്കാമോ?

ഉത്തരം

(എ) 10-12-2013-ലാണ് ക്ലീൻ കേരള കമ്പനി രൂപീകൃതമായത്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതി, തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013-14 വർഷം 4,99,000 രൂപ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഈ സ്ഥാപനത്തിന് തുക വകയിരുത്തിയിട്ടില്ല. ടി സ്ഥാപനത്തിന് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

153 (1527) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്ന് എന്തെല്ലാം കാര്യങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതിയും അനുവദിച്ച തുകയും വിശദമാക്കുമോ;

(സി) കേന്ദ്രസർക്കാറിന്റെ ന്യൂനപക്ഷമേഖലകളിലേക്കുള്ള പദ്ധതികൾ പൊന്നാനി മണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എത്ര തുക അനുവദിച്ചു; അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്നറിയിക്കുമോ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളായ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതി എന്നിവ ജില്ലാതലത്തിൽ അതത് ജില്ലകളിലെ ജില്ലാ കളക്ടർമാർക്ക് നിർവ്വഹണ ചുമതല നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.

(ബി) വിവരം ശേഖരിച്ച് വരുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി പൊന്നാനി ടൗണിനെ ന്യൂനപക്ഷ കേന്ദ്രീകൃത ടൗണായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം 12-ാം പദ്ധതിയിൽ അംഗീകരിച്ചതനുസരിച്ച് ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ 4 സ്കൂളുകളിലായി (ഗവ. ഹൈസ്കൂൾ തുക്കാവ്, ഗവ. ഫിഷറീസ് സ്കൂൾ കടവനാട്, ഗവ. ലോവർ പ്രൈമറി സ്കൂൾ, വെള്ളേരി, ഗവ. ലോവർ പ്രൈമറി സ്കൂൾ, തെയ്യങ്ങാട്) അധിക ക്ലാസ് മുറികളുടെ നിർമ്മാണത്തിനുവേണ്ടി 249.98 ലക്ഷം രൂപയുടെ അടങ്കൽ പദ്ധതി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അംഗീകരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly